(ബി) ക്ലീൻ കേരള പ്രോജക്ട് ആരംഭിച്ചത് 2003 ഫെബ്രുവരിയിലാണ്. 7 മുനിസിപ്പാലിറ്റികളിലും രണ്ടു കോർപ്പറേഷനിലും സംസ്ക്കരണത്തിന് ഭാഗികമായ സംവിധാനങ്ങൾ ഉണ്ട്. ഒരു കോർപ്പറേഷനിൽ പൂർണ്ണ സംസ്ക്കരണ സംവിധാനവും ഉണ്ട്.

(സി) 2004-05 സാമ്പത്തികവർഷം 50 ലക്ഷം രൂപയാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. കൂടാതെ ഭരണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 2004-05 സാമ്പത്തിക വർഷം 77 ലക്ഷം രൂപയും പദ്ധതിയുടെ ത്വരിത പ്രവർത്തനത്തിന് സപ്ലിമെന്ററി ഗ്രാന്റായി 10 കോടി രൂപയും സർക്കാർ വകയിരുത്തിയിട്ടുണ്ട്. 2004-05 ചെമാടിനു നിർമ്മാർജ്ജന പ്രവർത്തനത്തിനുള്ള തുകയിൽ നിന്നും 2005 ജനുവരി വരെ 10.23 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

കൊച്ചി നഗരത്തിന് പുതിയ സിവറേജ് ട്രീറ്റ്മെന്റ് സംവിധാനം

112 [887] പ്രൊഫ. കെ.വി.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗരത്തിന് പുതിയ സിവറേജ് ട്രീറ്റ്മെന്റ് സംവിധാനം നടപ്പിലാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ;

(സി) കൊച്ചിൻ കോർപ്പറേഷന്റെ ബ്രഹ്മപുരം ചെമാടിനു സംസ്ക്കരണ പ്ലാന്റ് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള അനുവാദവും സാമ്പത്തിക സഹായവും നൽകുമോ?

ഉത്തരം

(എ) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിന് നിയമസഭയ്ക്ക് ആഗ്രഹമുണ്ട്.

(ബി, സി) കൊച്ചി നഗരസഭ ബ്രഹ്മപുരത്ത് 37.33 ഏക്കർ ഭൂമിയാണ് പ്ലാന്റ് സ്ഥാപിക്കുന്നതിന് വാങ്ങിയിട്ടുള്ളത്. 65 ഏക്കർ ഭൂമികൂടി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്ലാന്റ് സ്ഥാപിക്കുന്നതിന് ബിഡ് ഡോക്യുമെന്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് ചെഡോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൊച്ചി നഗര ദാരിദ്ര്യ ലഘൂകരണ പദ്ധതി

113 [888] പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗര ദാരിദ്ര്യ ലഘൂകരണ പദ്ധതി തുടർന്ന് നടത്തുന്നതിന് നഗരസഭയ്ക്ക് അനുവാദവും സാമ്പത്തിക സഹായവും നൽകുമോ;

(ബി) കൊച്ചി പത്ത സരോവരം പ്രോജക്ടിന് സംസ്ഥാന ഗവൺമെന്റ് അംഗീകാരവും സാമ്പത്തിക സഹായവും നൽകുമോ?

ഉത്തരം

(എ, ബി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly